പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയെ ഉൾപ്പെടുത്തൽ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3315 12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ** | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് എം. മുരളി കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചുവരുന്നു. |
| (ബി) | കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I, ഖണ്ഡിക 4(1) ൽ (കേന്ദ്രഗ്രാമവികസന മന്ത്രാലയം 03.01.2014 ലെ എസ്.ഒ 19 (ഇ) നം. വിജ്ഞാപനപ്രകാരം ഭേദഗതി ചെയ്തത്) അനുശാസിച്ചിട്ടുള്ള 4 വിഭാഗം പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുകയ്ക്കുള്ള പ്രവൃത്തികളെങ്കിലും കാർഷിക/കാർഷികാനുബന്ധ മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട ഉല്പാദന ക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കണമെന്ന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം (07.11.2014 വരെയുള്ള കണക്ക് പ്രകാരം) ഏറ്റെടുത്തു നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ എണ്ണത്തിന്റെ 85.95 ശതമാനവും ചെലവഴിച്ച തുകയുടെ 84.16 ശതമാനവും കാർഷിക - അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ക്കുവേണ്ടിയാണ് നീക്കിവച്ചത്. |

സെക്ഷൻ ഓഫീസർ